**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ അടക്കം ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തത് കാരണം ഓൺലൈൻ പഠനം സാധ്യമല്ലാത്ത സാഹചര്യമുണ്ടെന്ന ബാലാവകാശ കമ്മീഷന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സാങ്കേതിക സംവിധാനങ്ങൾ ലഭ്യമല്ലാത്ത കുട്ടികളെ കണ്ടെത്താൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ അവലംബിക്കുന്നത്; വിശദമാക്കാമോ; സർക്കാർ തലത്തിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ ലഭ്യമാണോ; | (ബി) | എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾതലത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം സംബന്ധിച്ച് കണക്കെടുപ്പ് ജൂലൈ 22 നകം പൂർത്തിയായിട്ടുണ്ട്. ഇപ്രകാരം ലഭ്യമായ കണക്ക് ജില്ലാ കളക്ടർമാർ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ സംസ്ഥാനതലത്തിലുള്ള കണക്കുകൾ രൂപപ്പെടുത്തുവാൻ കഴിയുന്നതാണ്. |
| (സി) | ഓൺലൈൻ ക്ലാസ്സുകളിൽ പഠനം നല്ല രീതിയിൽ നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; മാതാപിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി കുട്ടികളുടെ ഓൺലൈൻ പഠനനിലവാരം ഉറപ്പുവരുത്താൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകളാണ് സംപ്രേഷണം ചെയ്തുവരുന്നത്. ഡിജിറ്റൽ ക്ലാസ്സുകളിലൂടെ അധ്യാപകർ നൽകുന്ന പഠന പ്രവർത്തനങ്ങൾ അതാത് സ്കൂളുകളിലെ അധ്യാപകർ വിലയിരുത്തുകയും, കുട്ടികൾക്ക് വേണ്ട കൈത്താങ്ങ് നൽകുകയും ചെയ്തുവരുന്നു. കൂടാതെ കുട്ടികളെ വിലയിരുത്തുന്നതിനായി വർക്ക്ഷീറ്റുകൾ എസ്.എസ്.കെ.യുടെ നേതൃത്വത്തിൽ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. അധ്യാപകർക്ക് ഓൺലൈനായി കുട്ടികളെ മോണിറ്റർ ചെയ്യുന്നതിനും പഠന തുടർച്ച ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 'ജിസ്യൂട്ട്' എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി |

| | | | |
|---|---|---|---|
| | | | വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിലാണ് 'ജിസ്യൂട്ട്' ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ ട്രയൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 34 വി.എച്ച്.എസ്.ഇ സ്കൂളുകളിൽ ഇതിന്റെ ട്രയൽ നടക്കുകയാണ്. അധ്യാപകർക്കുള്ള പരിശീലനവും ഇതോടൊപ്പം നടന്നുവരുന്നു. പരിശീലനം ലഭിച്ച അധ്യാപകർ തുടർന്ന് കുട്ടികൾക്ക് ഇത് സംബന്ധിച്ച പരിശീലനം നൽകുന്നതാണ്. ഘട്ടം ഘട്ടമായി ഹയർ സെക്കന്ററിയിലേക്കും പത്താം ക്ലാസ്സിലേക്കും തുടർന്ന് മറ്റ് ക്ലാസ്സുകളിലേക്കും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ മാതാപിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി കുട്ടികളുടെ ഓൺലൈൻ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഉൾപ്പെടയുള്ള പദ്ധതികൾ ആലോചിച്ചുവരുന്നു. കൂടാതെ ഓൺലൈൻ ക്ലാസ്സുകൾക്ക് ശേഷം തുടർ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നിർദ്ദേശം അധ്യാപകർക്ക് നൽകിയിട്ടുള്ളതും ഇത് അധ്യാപകർ നടപ്പിലാക്കി വരുന്നുമുണ്ട്. ഇത്തരത്തിലുള്ള തുടർ പ്രവർത്തനത്തിന്റെ ഭാഗമായാണ് പഠനമികവ് രേഖ 2020-21 അക്കാദമിക വർഷം നടപ്പിലാക്കിയത്. കോവിഡ് കാല പഠനവുമായി ബന്ധപ്പെട്ട കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി 'വീട് ഒരു വിദ്യാലയം' എന്ന പരിപാടി സമഗ്രശിക്ഷാ കേരളം മുഖേനയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ